(ഡി) നാലു വർഷം കഴിഞ്ഞു പഠനം പൂർത്തിയായി പോകുന്നമുറയ്ക്ക് ഈ തുക മടക്കി നൽകുന്നതാണ്.

(ഇ) 1995-96, 1996-97 അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം ലഭിച്ച് പഠനം പൂർത്തിയാക്കി 1998-99, 1999-2000 വർഷങ്ങളിൽ പുറത്തുപോകുന്ന 622 വിദ്യാർത്ഥികളുടെ ഡെപ്പോസിറ്റ് തിരികെ നൽകാനുണ്ട്.

(എഫ്) 622 ലക്ഷം രൂപ 1998-99-ൽ പഠനം പൂർത്തിയാക്കിയവർക്ക് 434 ലക്ഷം രൂപയും, 1999-2000-ൽ പഠനം പൂർത്തിയാക്കുന്നവർക്ക് 188 ലക്ഷം രൂപയും നൽകാനുണ്ട്.

(ജി) സർക്കാർ നയമനുസരിച്ച് 1997-98, 1998-99 വർഷങ്ങളിൽ ഡെപ്പോസിറ്റ് വാങ്ങാതിരുന്നതും, 1996-97, 1999-2000 പേമെന്റ് സീറ്റ് ആകെയുള്ള സീറ്റിന്റെ 50 ശതമാനമായി പരിമിതപ്പെടുത്തിയതു കാരണം 1995-96 ബാച്ചിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും വാങ്ങിയ പലിശരഹിത നിക്ഷേപ തുക ഇതുവരെ നല്കാൻ കഴിഞ്ഞിട്ടില്ല.

ഹയർസെക്കണ്ടറി കോഴ്സിനു റഷ്യൻ ഭാഷ ഉൾപ്പെടുത്താൻ നടപടി

27 (1243) ശ്രീ. എം. വി. ജയരാജൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സിനു ബാധകമല്ലായിരുന്ന ലാംഗ്വേജ് ഗ്രൂപ്പിലെ ഏതൊക്കെ ഭാഷകൾ ഹയർ സെക്കന്ററി കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ ഭാഷകൾ ഹയർസെക്കന്ററി കോഴ്സിന് ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കാമോ ;

(സി) ഇവ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഡി) പ്രീഡിഗ്രി കോഴ്സിന് ബാധകമാക്കിയിരുന്ന കോഴ്സുകൾ എല്ലാം ഹയർ സെക്കന്ററിക്ക് ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്ലസ് ടു സംവിധാനം ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ എത്ര കോളേജുകളിൽ റഷ്യൻ ഭാഷ പഠിപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇപ്പോൾ സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ലാംഗ്വേജ് ഗ്രൂപ്പിൽ റഷ്യൻ ഭാഷ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എച്ച്) റഷ്യൻ ഭാഷ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, ജർമ്മൻ, സിറിക് എന്നീ ഭാഷകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവ കൂടാതെ ഒരു ഭാഷയും നിലവിലുള്ള പാഠ്യക്രമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) അവ പഠിക്കണമെന്ന ആവശ്യം ഉയർന്നിട്ടില്ല.

(ഡി) ഹയർ സെക്കന്ററി അനുവദിക്കുമ്പോൾ ഇത്തരം ആവശ്യം ഉയർന്നു വരികയാണെങ്കിൽ പരിഗണിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) പ്രീഡിഗ്രി വേർപ്പെടുത്തൽ പൂർണ്ണമാകുന്നതോടെ മാത്രമേ കോളേജുകളിൽ നിലവിലിരുന്ന എല്ലാ ഭാഷകളും ഹയർ സെക്കന്റി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(എച്ച്) ഇല്ല.

പ്ലസ് ടൂ അദ്ധ്യാപക നിയമനം

28 (1246) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ്ടൂ അദ്ധ്യാപക നിയമനത്തെ സംബന്ധിച്ച് അവസാന ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരെല്ലാം പരീക്ഷയ്ക്കിരിക്കണമെന്ന് പൂർണ്ണമായും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-12-1999-ലാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) 1995-96 അക്കാഡമിക് വർഷത്തിന് ശേഷം പ്ളസ് ടൂവിൽ അദ്ധ്യാപക നിയമനം ലഭിച്ചവരും, പ്ളസ് ടൂവിൽ പുതിയതായി അദ്ധ്യാപരാകാൻ കാംക്ഷിക്കുന്നവരും പ്രസ്തുത പരീക്ഷ എഴുതേണ്ടതാണ്. എന്നാൽ പി.എച്ച്.ഡി., എം.ഫിൽ., എൻ.ഇ.റ്റി., എം.എഡ്. എന്നിവ പാസ്സായവർ ഈ പരീക്ഷ എഴുതേണ്ടതില്ല.

എഞ്ചിനീയറിംഗ് കോളേജുകളിൽ ഈടാക്കുന്ന ഫീസ്

29 (1255) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും ഓരോ ബ്രാഞ്ചിലും ഈടാക്കുന്ന ആകെ ഫീസ് എത്ര രൂപയാണ് ;

(ബി) വിവിധ ബ്രാഞ്ചുകളിലെ ബി.ടെക് കോഴ്സിന് ഒരു വിദ്യാർത്ഥി പഠനം പൂർത്തിയാക്കുമ്പോൾ സർക്കാരിന് ആകെ എന്തു തുക ചെലവാകുമെന്നു വ്യക്തമാക്കാമോ ;

(സി) ഉയർന്ന വരുമാന പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രസ്തുത വിദ്യാർത്ഥികളുടെ പഠനത്തിനായി സർക്കാരിന് ചെലവാകുന്ന തുക ഫീസായി ഈടാക്കുവാനുതകുന്നതരത്തിൽ ഫീസ് ഘടന പുനരാവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly